(b) റൂളിംഗ്

മി. സ്പീക്കർ : ഞാൻ ഈ കാര്യങ്ങൾ വിശദമായി പരിശോധിച്ചു. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള ധനകാര്യ ബിൽ 28-2-2005-ന് രാത്രി വളരെ വൈകിയാണ് കൊടുത്തത്. അതുകൊണ്ട് മൂന്നു മണി എന്നുള്ളത് അംഗങ്ങളുടെ ആവശ്യപ്രകാരം നീട്ടിക്കൊടുത്തു. ആ നിലയ്ക്ക് നോക്കുമ്പോൾ അതിനെസംബന്ധിച്ച് രണ്ട് ദിവസം എന്നുള്ളത് തകരാറില്ല. 28-ഉം ഒന്നും അതുകൊണ്ടാണ് ഭേദഗതി നൽകാനുള്ള സമയപരിധി രണ്ടാം തീയതി ഏഴ് മണിവരെ നീട്ടിയത്. അതിൽ ഈ പറഞ്ഞ കാര്യങ്ങൾ എന്തോ തെറ്റിദ്ധാരണകൊണ്ട് വന്നതാണ്. അതിൽ ആ പ്രശ്നമില്ല.

ശ്രീ. എം. വി. ജയരാജൻ : സർ, സബ്ജക്ട് കമ്മിറ്റി അംഗീകരിച്ചിട്ടുള്ള ബിൽ എന്തിനാണ് ഇത്രയും നീട്ടിയത്? 10 ദിവസം കഴിഞ്ഞിട്ടാണ് സർക്കുലേറ്റ് ചെയ്യുന്നത്.

മി. സ്പീക്കർ : എനിക്കറിയാം. 17-ാം തീയതി കഴിഞ്ഞിട്ട് സഭ കൂടിയത് 28-ാം തീയതിയാണ്. മുടക്കമായിരുന്നു. നമ്മൾ മുഴുവൻ കാര്യങ്ങളും മനസിലാക്കാതെ പറയരുത്. അപ്പോൾ first earliest opportunity, സഭ കൂടിയപ്പോൾ അന്നേ ദിവസം ഇത് കൊടുത്തു. പക്ഷേ രാത്രി കുറച്ച് വൈകിയെന്നുള്ളത് സത്യമാണ്. അത് അംഗങ്ങൾ ശ്രദ്ധയിൽ പെടുത്തിയപ്പോൾ അതിന് സമയം നീട്ടിക്കൊടുക്കുകയും ചെയ്തു. ആ രണ്ട് ദിവസം എന്നുള്ള കാര്യത്തിൽ തെറ്റിദ്ധാരണകൊണ്ട് നിങ്ങൾ പറയുന്നതാണ്. പിന്നെ കേരള ഗെയ്മിംഗ് ബിൽ നേരത്തേ തന്നെ അമന്റ്മെന്റ് ബിൽ ആയതുകൊണ്ട് ഒറിജിനൽ ബിൽ ഇംഗ്ലീഷിലായതുകൊണ്ട് ഈ ഇംഗ്ലീഷ് ബില്ല് മാത്രം കിട്ടിയപ്പോൾ നമ്മൾ സർക്കുലേറ്റ് ചെയ്തു. ടാക്സേഷൻ ബില്ലിനെ സംബന്ധിച്ചാണെങ്കിൽ ആഫീസിൽ നേരത്തെ കിട്ടിയെന്നത് സത്യമാണ്. പക്ഷേ മലയാളം കൂടി കൊടുക്കണമെന്ന് പല പ്രാവശ്യവും ചെയറിൽ നിർബന്ധമായി റൂളിംഗ് ഉള്ളതുകൊണ്ട് മലയാളത്തിന് വേണ്ടി നമ്മൾ ബന്ധപ്പെട്ടു. ഉടനെ എത്തിക്കാമെന്നു പറഞ്ഞു. മലയാളം കോപ്പി കിട്ടാൻ താമസം വന്നു. അതുകൊണ്ട് മലയാളം ബില്ലിന് വെയ്റ്റ് ചെയ്തിരുന്നു എന്നത് സത്യമാണ്. മലയാളം കിട്ടാൻ ഇനിയും കാലതാമസമുണ്ടെന്ന് ഇന്നലെ ഇത് കിട്ടിയപ്പോൾ, ഞങ്ങൾ സംഭവം അന്വേഷിച്ചപ്പോൾ മനസിലായതുകൊണ്ട് ഇന്ന് ഉടനെ ചെയ്തു കൊടുത്തു. ഇതാണ് സംഭവം. ഒരു കാര്യം മാത്രമെ പറയാനുള്ളു. പല പ്രാവശ്യം ചെയർ, എന്റെ മുൻഗാമികളും മലയാളം നിർബന്ധമായി കൊടുക്കണമെന്നു പറഞ്ഞിട്ടുള്ളതാണ്. ഇംഗ്ലീഷിനോടൊപ്പം മലയാളം കൊടുക്കാത്തതിന്റെ ബുദ്ധിമുട്ടാണ് ഈ പ്രശ്നത്തിൽ വന്നത്. പിന്നെ ധനകാര്യമന്ത്രി പറഞ്ഞത് പോലെതന്നെ നമ്മൾ വളരെയധികം ബില്ലുകൾ തിരക്കുപിടിച്ച് ഈ സമയത്ത് എടുക്കേണ്ടി വന്നതുകൊണ്ട് ഓഫീസിനും കുറച്ച് കാലതാമസം വന്നിരിക്കാം. എങ്കിലും ഇംഗ്ലീഷിനോടൊപ്പം മലയാള പരിഭാഷയും ലഭ്യമാക്കുന്ന കാര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ കൂടുതൽ ശുഷ്കാന്തികാണിക്കണം എന്നതാണ് ചെയറിന്റെ അഭിപ്രായം.

[അദ്ധ്യക്ഷവേദിയിൽ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ]

LIBRARY ARCHIVES Kerala Legislative Assembly